തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിന് ചുവടെപ്പറയുന്ന യോഗ്യതകളുള്ളവരെയാണ് പരിഗണിക്കുന്നത്:

1. സോഷ്യോളജി, സോഷ്യൽ വർക്ക്, ഹോം സയൻസ്, സൈക്കോളജി എന്നീ വിഷയങ്ങളിൽ ഏതെങ്കിലുമൊന്നിലുള്ള അംഗീകൃത സർവ്വകലാശാല ബിരുദം.

അതല്ലെങ്കിൽ

2. ഏതെങ്കിലും വിഷയത്തിലുള്ള അംഗീകൃത ബിരുദവും, ഇന്ത്യൻ/സ്റ്റേറ്റ് കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയർ അല്ലെങ്കിൽ ഏതെങ്കിലും അംഗീകൃത സ്ഥാപനങ്ങൾ നൽകുന്ന ബാല സേവിക ട്രെയിനിംഗ് സർട്ടിഫിക്കറ്റ് (ഒരുവർഷ കാലാവധി) അഥവാ ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

കെയർടേക്കർ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി

256 (7555) ഡോ. എൻ. ജയരാജ്:
ശ്രീ. പി. സി. ജോർജ്:
ശ്രീ. എം. വി. ശ്രേയാംസ് കുമാർ:
ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ കെയർടേക്കർ തസ്തികയിലുള്ള ഒഴിവുകൾ എത്രയെന്ന് നിർണ്ണയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലായെങ്കിൽ ആയതിനുള്ള തടസ്സം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർണ്ണയിച്ചിട്ടുണ്ട്. മെയിൽ കെയർടേക്കർ തസ്തികയിൽ ഒരു ഒഴിവും, ഫീമെയിൽ കെയർടേക്കർ തസ്തികയിൽ 11 ഒഴിവുകളും നിലവിലുണ്ട്.

(ബി) മെയിൽ/ഫീമെയിൽ കെയർടേക്കർ തസ്തികയിലെ മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി & ഡി) ബാധകമല്ല.

(നക്ഷത്രചിഹ്നമിടാത്ത 7460, 7461 എന്നീ നമ്പർ ചോദ്യങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly